www.gospelinmalayalam.com

# CHAPTER: 4

## (4:1-5 CHARGE TO A SOLDIER OF CHRIST)

വി. പൗലൂസ് ശ്രേഷ്ഠതയേറിയ സത്യ ഉപദേശം തിമോത്തിയിലേക്കു പകരുമ്പോൾ സാക്ഷി നിർത്തിയതു ആരെയെല്ലാം എന്നു ശ്രദ്ധിക്കുക.

1. പിതാവായ ദൈവത്തെ 2. പുത്രനായ ക്രിസ്തുവിനെ 3.വരുവാനുള്ള ന്യായവിധിയെ 4. യേശുവിന്റെ മടങ്ങിവരവിനെ 5. സഹസ്രാബ്ദ വാഴ്ചയെയും യേശുവിന്റെ രാജ്യത്തെയും

Ref: 1 Tim 5:21, 1 Tim 6:13,14

1 Tim 5:21 *നീ പക്ഷമായി ഒന്നും ചെയ്യാതെകണ്ടു സിദ്ധാന്തം കൂടാതെ ഇവ പ്രമാണിച്ചു കൊള്ളേണം എന്നു ഞാൻ ദൈവത്തെയും ക്രിസ്തുയേശുവിനെയും ശ്രേഷ്ഠ ദൂതന്മാരെയും സാക്ഷിയാക്കി നിന്നോടു കല്പിക്കുന്നു.*

1 Tim 6:13,14 *നീ നിഷ്കളങ്കനും നിരപവാദ്യനുമായി ഈ കല്പന നമ്മുടെ കർത്താവായ യേശുവിന്റെ പ്രത്യക്ഷതവരെ പ്രമാണിച്ചുകൊള്ളേണം എന്നിങ്ങനെ സകലത്തെയും ജീവിപ്പിക്കുന്ന ദൈവത്തെയും പൊന്തിയൊസ് പീലാത്തൊസിന്റെ മുമ്പിൽ നല്ല സ്വീകാരം കഴിച്ച ക്രിസ്തുയേശുവിനെയും സാക്ഷിവെച്ചു ഞാൻ നിന്നോടു ആജ്ഞാപിക്കുന്നു.*

4:2 1. വചനം പ്രസംഗിക്ക (Preach the word of God)

അനേക വിലയേറിയ സാക്ഷികളെ മുൻ നിർത്തി കൊടുത്ത ശക്തിയായി കൊടുത്ത ഉപദേശം 'വചനം പ്രസംഗിക്ക' എന്നത്രെ.

വചനം പ്രസംഗിക്കാത്തിടത്ത് ആത്മീകമായി ഒരു ചലനവും ഉണ്ടാകയില്ല. അതൊരു മൃതപ്രായമായ കൂട്ടം ആയി നിലകൊള്ളും.

മറ്റു പല പൊതുവിഷയങ്ങളും സാമ്പത്തിക വിഷയങ്ങളും ഭൗതിക വികസന കാര്യങ്ങളും ഒക്കെ പ്രസ്താവിച്ചും സംസാരിച്ചും ആരാധനാ കൂട്ടത്തിന്റെ വിലയേറിയ സമയം തീർക്കും.

എന്നാൽ സഭയിൽ ആത്മീക വർദ്ധന വേണോ സത്യവചനം പ്രസംഗിക്കണം.

വചനം ശക്തിയായി വിശ്വാസികളുടെ മധ്യേ കടന്നുവരണം.

2. സമയത്തിലും അസമയത്തിലും ഒരുങ്ങിനിൽക്ക Be ready in season and out of season

ഒരുക്കം. Preparedness. ഒരു ദൈവപൈതൽ, ആത്മീക നേതൃത്വം വഹിക്കുന്നവൻ വചനം പ്രസംഗിക്കാനുള്ള തയ്യാറെടുപ്പ് സമയഭേദമെന്യേ ഉള്ളവനായിരിക്കണം.

ഹൃദയവും മനസ്സും ദൈവവചനത്തിൽ പ്രമോദിക്കുന്നതായിരിക്കണം

ഏതു വിഷയവും ഏതു പ്രശ്നവും കൈകാര്യം ചെയ്യുമ്പോൾ വചനത്തിന്റെ ശ്രേഷ്ഠമായ ഉപദേശങ്ങൾക്കു ചേർന്നു നിൽക്കുന്ന തീരുമാനങ്ങൾ ദൈവാത്മാവു പറഞ്ഞു തരും.

Man of God must rejoice in the Holy word day in and day out.

3. ദീർഷക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക (Reprove)

അറിഞ്ഞോ അറിയാതെയോ തെറ്റിപ്പോകുന്നവരെ യഥാസ്ഥാനപ്പെടുത്തേണ്ടത് ആവശ്യം.

ഇതു ഇവരെ Correct ചെയ്യാൻ അനിവാര്യമത്രെ.

തെറ്റിപ്പോകുന്നവരെ ഉപദേശിക്കണം. ചിലരെ ശാസിക്കേണ്ടതായി വരും.

അവരെ മാനസാന്തരത്തിലേക്കു വഴിയൊരുക്കണം.

ദൈവം അവരെ മാനസാന്തരത്തിലേക്കു നടത്തുവാൻ ദീർഘക്ഷമയോടു കൂടെ ഉപദേശിക്കേണ്ടത് ആവശ്യമാണ്.

fleettech@gmail.com

www.gospelinmalayalam.com

4. തർജ്ജനം ചെയ്ക (Rebuke)

ഇതു പരസ്യമായി ചെയ്യേണ്ട കാര്യം. (1 Tim 5:20) സഭയുടെ മുമ്പാകെയാണ് തർജ്ജനം ചെയ്യേണ്ടത്.

1 Tim 5:20 *പാപം ചെയ്യുന്നവരെ ശേഷമുള്ളവർക്കും ഭയത്തിന്നായി എല്ലാവരും കേൾക്കെ ശാസിക്ക.*

പരസ്യമായി പാപത്തിൽ ജീവിക്കുന്ന വ്യക്തിയെ പരസ്യമായി തന്നെ തർജ്ജനം ചെയ്യണം.

ദൈവസഭയ്ക്കും ദൈവനാമത്തിനും അപമാനം വരുത്തുന്നത് വളരെ ശക്തിയായി ചെറുക്കുകയും നിർത്തുകയും വേണം.

5. പ്രബോധിപ്പിക്ക (Exhort, or encourage)

നല്ല ക്രിസ്തീയവേല ഉണ്ടാകണമോ – നല്ല പ്രബോധനം കൊടുത്തുകൊണ്ടേ ഇരിക്കണം.

എല്ലാ വിശ്വാസികളും ആത്മീകമായി ഉത്സാഹവും ധൈര്യവും ഉള്ളവർ ആകണം.

നല്ല നേതൃത്വനിരയെ സഭയ്ക്കുള്ളിൽ നിന്ന് ഉയർത്തണം.

പ്രോത്സാഹനവും ധൈര്യവും പകരുന്ന നല്ല പ്രബോധനങ്ങൾ സഭയെ നയിക്കുന്ന ദൈവദാസന്മാർ ഉത്തരവാദിത്വം ആയി കാണണം.

ചെറുപ്പക്കാർ ഭക്തിയോടെ വളർന്നുവരുവാൻ വഴി ഒരുക്കണം.

3:4 പത്ഥ്യോപദേശം വിട്ടുകളയുന്ന കാലം വരും.

എ.ഡി. 60 ൽ വി. പൗലൂസ് ഭാവികാലത്ത് എന്തു നടക്കും എന്നു സംഭവിപ്പാനുള്ള തിനെ കണ്ടു.

സഭയുടെ സത്യഉപദേശങ്ങളിൽനിന്നും വ്യതിചലിക്കുന്ന കാലം പൗലോസ് മനസ്സിൽ കണ്ടു. ഇതു തിമോത്തിയോസിനെഴുതിയ ലേഖനത്തിൽ വ്യക്തമായി പലയിടത്തും സൂചിപ്പിച്ചു.

ഇങ്ങനെ വ്യതിചലിക്കുന്ന വ്യക്തികൾക്കും കൂട്ടങ്ങൾക്കും വേണ്ടത് കർണ്ണരസമാകുമാറ് സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം 'കെട്ടുകഥകളെ കേൾക്കാൻ തിരിയുന്ന സ്ഥിതി'.

അവർക്കു കേൾക്കാൻ ഇഷ്ടമുള്ളതു പറയുന്ന ഉപദേഷ്ഠാക്കന്മാരെ മതി അവർക്ക്.

സത്യവചനങ്ങളെക്കാൾ, കർണ്ണരസമാകുമാറ് അവർക്ക് സന്തോഷം തോന്നുന്നതു പ്രസംഗിക്കുന്നവരെ മതി അവർക്ക്.

സത്യത്തെ നേരിടാൻ അവർക്കു മനസില്ല. അസത്യങ്ങളെയും കെട്ടുകഥകളെയും താലോലിച്ച് സമയം നഷ്ടമാക്കുന്നു.

റോമാ ലേഖനം 1:18-32 വരെ ഇത്തരം ജനതയെ പൗലോസ് തുറന്നു കാട്ടി സത്യത്തെ വിട്ട് കെട്ടുകഥകളിൽ ആശ്രയിക്കയും അന്ധമായി അവയെ വിശ്വസിക്കയും ചെയ്യുവാൻ മനുഷ്യൻ ഇഷ്ടപ്പെടുന്നു. അത്തരം ഉപദേഷ്ഠാക്കളെ അവർ തിരയുന്നു.

They move from TRUTH to Myth

ഇവിടെ കുറ്റക്കാർ കപട ഉപദേഷ്ടാക്കൾ മാത്രമല്ല, അവരെ ഉത്സാഹിപ്പിക്കുകയും അനുമോദിക്കയും ചെയ്യുന്ന കേൾവിക്കാർ തന്നെ.

സത്യത്തിനു വിരുദ്ധമായി സഭാരംഗത്തുണ്ടാക്കാൻ തക്കം നോക്കിനിൽക്കുന്ന കപട ഉപദേശങ്ങളെപ്പറ്റി വി.പൗലൂസ് വളരെയധികം ശ്രദ്ധാലു ആയിരുന്നു.

4:5 ഈ ദുഷ്ട ഉപദേശങ്ങളുടെയും അപകടകരമായ സ്ഥിതിയുടെയും മുമ്പിൽ തിമോത്തി എങ്ങനെ പ്രവൃത്തിക്കണം.

നീയോ, സകലത്തിലും നിർമ്മദൻ ആയിരിക്കും. Be Sober. Be Cool headed.

fleettech@gmail.com

www.gospelinmalayalam.com

കഷ്ടം സഹിക്ക. സുവിശേഷകന്റെ പ്രവൃത്തി ചെയ്ക. Do the work of Evangelist.

നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്ക. Make Full Proof of the Ministry.

പ്രതികൂലങ്ങൾ അനവധി മുമ്പിൽ വരും. പീഢനങ്ങൾ നേരിടേണ്ടി വരും.

എന്നാൽ നിന്നെ ഏല്പിച്ചിരിക്കുന്ന സത്യസുവിശേഷം രക്ഷിക്കപ്പെടാത്ത ജനത്തിനു പകർന്നു കൊടുക്കുക എന്ന ജോലി ആയിരിക്കണം ഏറ്റം വലിയ ഉത്തരവാദിത്വ മായി കാണേണ്ടതും.

4:6-8 "ഞാനോ...." എന്നു തുടങ്ങുന്ന ഈ വാക്യം പൗലൂസ് തന്റെ നിര്യാണ സമയം അടുത്തു എന്ന് ഉള്ളംകൊണ്ടറിഞ്ഞു" തിമോത്തിയെ ഭരമേല്പിക്കുന്നതിന്റെ പശ്ചാത്തലം തന്നെ.

ഞാനോ ഇപ്പോൾ തന്നെ പാനീയയാഗമായി ഒഴിക്കപ്പെടുന്നു.

പാനീയയാഗം (Drink offering) Numbers 28:4-7

Num 28:4-7 *ഒരു കുഞ്ഞാടിനെ രാവിലെയും മറ്റെ കുഞ്ഞാടിനെ വൈകുന്നേരത്തും യാഗം കഴിക്കേണം. ഇടിച്ചെടുത്ത എണ്ണ കാൽ ഹീൻ ചേർത്ത ഒരിടങ്ങഴി മാവു ഭോജനയാഗമായും അർപ്പിക്കേണം. ഇതു യഹോവെക്കു സൌരഭ്യവാസനയായ ദഹനയാഗമായി സീനായിപർവ്വതത്തിൽവെച്ചു നിയമിക്കപ്പെട്ട നിരന്തരഹോമയാഗം. അതിന്റെ പാനീയയാഗം കുഞ്ഞാടൊന്നിന്നു കാൽ ഹീൻ മദ്യം ആയിരിക്കേണം; അതു യഹോവെക്കു പാനീയയാഗമായി വിശുദ്ധമന്ദിരത്തിൽ ഒഴിക്കേണം*

നാൾതോറുമുള്ള നിരന്തര ഹോമയാഗം.

കാലത്ത് ഒരു ആട്ടിൻകുട്ടി വൈകുന്നേരം ഒരാട്ടിൻകുട്ടി അതും ഊനമില്ലാത്ത ഒരു വയസ് പ്രായമുള്ള ആട്ടിൻകുട്ടി.

ഇടിച്ചെടുത്ത എണ്ണ കാൽഹിൽ ചേർത്ത ഒരിടങ്ങഴി മാവ് ഭോജനയാഗമായി അർപ്പി ക്കണം.

ഇതു യഹോവയ്ക്കു സൗരഭ്യവാസനയായ ദഹനയാഗമായി സീനായ് പർവ്വതത്തിൽ വെച്ചു നിയമിക്കപ്പെട്ട നിരന്തര ഹോമയാഗം.

അതു യഹോവയ്ക്ക് പാനീയയാഗമായി വിശുദ്ധ മന്ദിരത്തിൽ ഒഴിക്കേണം.

വി. പൗലൂസ് തന്റെ ജീവിതത്തെ ദൈവത്തിനു സമർപ്പിച്ച ഒരു പാനീയ യാഗമായി കണ്ടു. (Phil.2:17)

Phil.2:17 *എന്നാൽ നിങ്ങളുടെ വിശ്വാസം എന്ന യാഗം അർപ്പിക്കുന്ന ശുശ്രൂഷയിൽ എന്റെ രക്തം ഒഴിക്കേണ്ടിവന്നാലും ഞാൻ സന്തോഷിക്കും; നിങ്ങളോടു എല്ലാവരോടുംകൂടെ സന്തോഷിക്കും.*

റോമൻ തടവറയിൽനിന്ന് ഒരു ശാരീരിക സ്വാതന്ത്ര്യം പൗലൂസ് പ്രതീക്ഷിക്കുന്നില്ല.

ഏതു സമയത്തും പടയാളികൾ വന്നു കൂട്ടിക്കൊണ്ടുപോകാം. റോമൻ ചക്രവർത്തി യുടെ final verdict ഏതു നേരത്തും വരാം.

"ഇതാ ഞാൻ പാനീയ യാഗമായി ഒഴിക്കപ്പെടുന്നു." ഇതു പൗലൂസിന്റെ വാക്കുകൾ ആണ്.

കർത്താവിനെ ദമസ്കോസിന്റെ പടിവാതിലിൽ കണ്ടെത്തിയ ദിവസം മുതൽ നാളി തുവരേയും കർത്താവിനായി തന്നെ ജീവിച്ചു. ശുശ്രൂഷ നിവർത്തിച്ചു.

ധാരാളം ഭീഷണി ഉണ്ടായിരുന്നു. നിരന്തരം പ്രാണഭയത്തിലാണു കഴിഞ്ഞത്.

സ്വന്തമായി ഒരു ജീവിതം ഉണ്ടായിരുന്നില്ല.

ജീവിക്കുന്നുവെങ്കിൽ ക്രിസ്തുവിനായി ജീവിക്കണം. മരിക്കുന്നുവെങ്കിൽ ക്രിസ്തുവി നായി മരിക്കണം.

തന്റെ ജീവിതം നിരന്തര ഹോമയാഗം പോലെ അതിൽ ഒഴിക്കുന്ന അതായത് വിശുദ്ധ

fleettech@gmail.com

www.gospelinmalayalam.com

മന്ദിരത്തിൽ ദിവസേന രാവിലെയും വൈകിട്ടും ഒഴിക്കുന്ന പാനീയ യാഗമായി മാറി ക്കഴിഞ്ഞു.

ഒന്നും ബാക്കിയില്ല. സകലതും തീയിൽ ലയിച്ചു കഴിഞ്ഞു. Totallyconsumed for the Lord.

പൗലൂസ് എഴുതി. എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു.

4:7 **ഞാൻ നല്ല പോർ പൊരുതും. ഓട്ടം തികച്ചു. വിശ്വാസം കാത്തു.**

പൗലൂസ് തന്റെ മുൻകാല ജീവിതത്തിലേക്കു തിരിഞ്ഞുനോക്കി. താൻ സുവിശേഷ ത്തിനായി ഓടിയതും അധ്വാനിച്ചതും ഓർത്തുകൊണ്ട് തന്റെ അന്തിമസാക്ഷ്യം തൃപ്തിയോടെ, പറയുകയാണ്.

1. ഒരു യോദ്ധാവിന്റെ ലക്ഷ്യം നേടിയ സംതൃപ്തി: വിശ്വസ്തനായ പടയാളി Faithful Solider.
2. ഒരു ഓട്ടക്കാരൻ ജയാളിയായി നിൽക്കുന്ന സംതൃപ്തി. disciplined Athlete.
3. ഒരു യഥാർത്ഥ ശിഷ്യൻ തന്റെ വിശ്വാസം കാത്ത സംതൃപ്തി Faithful Stewardship

എല്ലാ വിശ്വാസികളും മാതൃക ആക്കാൻ യോഗ്യനായ ഒരു ദൈവദാസൻ.

സങ്കടമില്ല. നിരാശയില്ല, മരണത്തെ സ്വീകരിക്കാൻ ഒരുങ്ങി തന്റെ വേല തികച്ച തൃപ്തി യോടെ നിൽക്കുന്ന ഒരു ജയാളി. കൃതാർത്ഥത നിറഞ്ഞ ഒരു ജീവിതത്തിന്റെ ഉടമ.

തന്റെ ജീവിതലക്ഷ്യം മുന്നമേ കൊരിന്ത്യാ ലേഖനം എഴുതിയപ്പോൾ വെളിവാക്കിയി രുന്നു. (1Cor 9:24-27) (Acts 20:24) (1Tim 6:12)

1Cor 9:24-27 *ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുതു പ്രാപിക്കുന്നുള്ളു എന്നു അറിയുന്നില്ലയോ? നിങ്ങളും പ്രാപിപ്പാന്തക്കവണ്ണം ഓടുവിൻ. അങ്കം പൊരുന്നവൻ ഒക്കെയും സകലത്തിലും വർജ്ജനം ആചരിക്കുന്നു. അതോ, അവർ വാടുന്ന കിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിന്നു തന്നേ. ആകയാൽ ഞാൻ നിശ്ചയമില്ലാത്തവണ്ണമല്ല ഓടുന്നതു; ആകാശത്തെ കുത്തുന്നതു പോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നതു. മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഞാൻ തന്നേ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന്നു എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുകയത്രേ ചെയ്യുന്നതു.*

Acts 20:24 *എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല; എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന്നു സാക്ഷ്യം പറയേണ്ടതിന്നു കർത്താവായ യേശുതന്ന ശുശ്രൂഷയും തികെക്കേണം എന്നേ എനിക്കുള്ളു.*

1Tim 6:12 *വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യജീവനെ പിടിച്ചുകൊൾക; അതിന്നായി നീ വിളിക്കപ്പെട്ടു അനേകം സാക്ഷികളുടെ മുമ്പാകെ നല്ല സ്വീകാരം കഴിച്ചുവല്ലോ*

വിശ്വസ്തതയോടെ ദൈവസഭയ്ക്കായി അദ്ധ്വാനിച്ച് തന്റെ ഓട്ടം തികച്ച വിശ്വാസം കാത്ത വി. പൗലൂസ് തന്റെ പ്രതിഫലത്തിനായി കാത്തിരിക്കുന്നു.

നീതിയുടെ കിരീടം ദൈവം പൗലൂസിനായി ഒരുക്കിവച്ചിരിക്കുന്നു.

അനേകം പ്രതിഫല കിരീടങ്ങളെപ്പറ്റി പുതിയനിയമം പറയുന്നു.

1Cor 9:25 വാടാത്ത കിരീടം - Imperishable Crown

1Cor 9:25 *അങ്കം പൊരുന്നവൻ ഒക്കെയും സകലത്തിലും വർജ്ജനം ആചരിക്കുന്നു. അതോ, അവർ വാടുന്ന കിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിന്നു തന്നേ*

1Thess 2:19 പ്രശംസാ കിരീടം - Crown of Rejoicing

1Thess 2:19 *നമ്മുടെ കർത്താവായ യേശുവിന്റെ മുമ്പാകെ അവന്റെ പ്രത്യക്ഷതയിൽ ഞങ്ങളുടെ ആശയോ സന്തോഷമോ പ്രശംസാകിരീടമോ ആർ ആകുന്നു? നിങ്ങളും അല്ലയോ?*

2 Tim 4:8 നീതിയുടെ കിരീടം - Crown of Righteousness

fleettech@gmail.com

www.gospelinmalayalam.com

2 Tim 4:8 *ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു നല്കും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയംവെച്ച ഏവർക്കുംകൂടെ.*

James 1:12 ജീവ കിരീടം - Crown of life

James 1:12 *പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞ ശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും*

1Pet 5:4 തേജസ്സിന്റെ വാടാത്ത കിരീടം - Crown of glory that does not fade away.

1Pet 5:4 *എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും*

മറ്റനേകം വിശുദ്ധരോടു ചേർന്ന്, ദൂതന്മാരുടെ മദ്ധ്യത്തിൽ, കർത്താവു തനിക്കുവേണ്ടി അദ്ധ്വാനിച്ചവർക്കെല്ലാം പ്രതിഫലം കൊടുക്കുന്ന നാളിൽ വി. പൗലൂസും അതു പ്രാപിപ്പാനായി കാത്തിരിക്കുന്നു.

Phil 3:20-21, Titus 2:11-13

Phil 3:20-21 *നമ്മുടെ പൌരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്കു കീഴ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ടു നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തും*

Titus 2:11-13 *സകലമനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ; നാം ഭാഗ്യകരമായ പ്രത്യാശെക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതെക്കായിട്ടും കാത്തുകൊണ്ടു ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചുപോരേണ്ടതിന്നു അതു നമ്മെ ശിക്ഷിച്ചുവളർത്തുന്നു.*

4:9-18 Reminder of God's faithfulness in Paul's Adversity

പ്രതികൂലങ്ങളിൽ അനുഭവിച്ച ദൈവത്തിന്റെ വിശ്വസ്തതയെ ഓർക്കുന്നു.

4:9 ഈ ലേഖനം തിമോത്തിയ്ക്കു ലഭിക്കണം. തിമോത്തി പുറപ്പെടണം. എഫെസൂസിൽനിന്നും റോമിൽ എത്താൻ ആഴ്ചകൾ / മാസങ്ങൾ വേണ്ടിവരും.

പൗലൂസ് തന്റെ അന്ത്യം മുമ്പിൽ കണ്ടുകൊണ്ടാണ് വേഗം വരാനായി തിമോത്തിയോട് ആവശ്യപ്പെടുന്നത്. ഏതു സമയത്തും കൈസറുടെ ആജ്ഞ ഉണ്ടാകും. ഉണ്ടായാൽ പിന്നെ സമയം ഇല്ല. ശിക്ഷ നടപ്പിലാക്കും.

4:10 ദേമാസ് ഈ ലോകത്തെ സ്നേഹിച്ചു. ദേമാസിനെപ്പറ്റി രണ്ടു സ്ഥലത്തു നാം കാണുന്നു.

Col 4:14. Philomon 24

Col 4:14 *ഞാൻ സംസാരിക്കേണ്ടുംവണ്ണം അതിനെ വെളിപ്പെടുത്തുകയും ചെയ്യേണ്ടതിന്നു ഞങ്ങൾക്കു വേണ്ടിയും പ്രാർത്ഥിപ്പിൻ*

Philomon 24 *എന്റെ കൂട്ടുവേലക്കാരനായ മർക്കൊസും അരിസ്തർക്കൊസും ദേമാസും ലൂക്കൊസും നിനക്കു വന്ദനം ചൊല്ലുന്നു.*

ദേമാസ് തെസ്സലോനിയയിലേക്കു പോയി. സുരക്ഷിതത്വം കരുതി റോമിൽ നിന്നും മടങ്ങിയതാകാം. വലിയ പീഡനം സഭയ്ക്കെതിരായി നടക്കുന്ന കാലമായിരുന്നു അത്.

കൂടെ ഉണ്ടായിരുന്നവർ ഒക്കെ റോം വിട്ടു മറ്റു സ്ഥലങ്ങളിലേക്കു പോയി.

പൗലൂസ് ഒറ്റപ്പെട്ടു എന്നു ഹൃദയത്തിൽ തോന്നി. അതും ജീവിതത്തിന്റെ ഭീകരനിമിഷം മുമ്പിൽ കണ്ടുകൊണ്ടു നിൽക്കുന്ന സമയം.

fleettech@gmail.com

www.gospelinmalayalam.com

ഈ സമയത്ത് തന്റെ മകനു തുല്യം സ്നേഹിച്ച തിമോത്തിയെ കാണാൻ വാഞ്ചിച്ചതു മനസ്സിലാക്കാൻ കഴിയും.

Phil 3:20-21, 2Tim 1:3

Phil 3:20-21 *നമ്മുടെ പൌരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്കു കീഴ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ടു നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തും.*

2Tim 1:3 *എന്റെ പ്രാർത്ഥനയിൽ രാവും പകലും ഇടവിടാതെ നിന്നെ സ്മരിച്ചു നിന്റെ കണ്ണുനീർ ഓർത്തും നിന്നെ കണ്ടു സന്തോഷപൂർണ്ണനാകുവാൻ വാഞ്ഛിച്ചുംകൊണ്ടു*

Cresces (ക്രസ്ക്കേസ്) - ഈ വ്യക്തിയെപ്പറ്റി മറ്റു സൂചനകൾ ഇല്ല. എങ്കിലും സുവിശേഷവേല സംബന്ധമായി ഗലാത്യർക്കു അയച്ചു എന്നു കരുതാം.

Titus (തീത്തോസ്) ദെൻമാത്യ (Dalmatia) യിലേക്കും അയച്ചതായി കാണുന്നു.

4:11 **ലൂക്കോസ്** - സുവിശേഷം എഴുതിയ വൈദ്യനായ ലൂക്കോസ് (Col 9:14)

Col 4:14 *വൈദ്യനായ പ്രിയ ലൂക്കൊസും ദേമാസും നിങ്ങളെ വന്ദനം ചെയ്യുന്നു.*

അനേക മിഷനറിയാത്രയിൽ പൗലൂസിനൊപ്പം പങ്കെടുത്ത വ്യക്തി. ഒന്നാമത്തെ റോമൻ തടവിൽ പൗലൂസിനൊപ്പം കഴിഞ്ഞവൻ (Philomon 24)

Philomon 24 *എന്റെ കൂട്ടുവേലക്കാരനായ മർക്കൊസും അരിസ്തർക്കൊസും ദേമാസും ലൂക്കൊസും നിനക്കു വന്ദനം ചൊല്ലുന്നു.*

**മാർക്ക്** - തിമോത്തി വരുമ്പോൾ മർക്കോസിനെയും കൂട്ടണം (Acts 15:36-40)

Acts 15:36-40 *മർക്കൊസ് എന്ന യോഹന്നാനെയും കൂട്ടിക്കൊണ്ടു പോകുവാൻ ബർന്നബാസ് ഇച്ഛിച്ചു. പൌലൊസോ പംഫുല്യയിൽനിന്നു തങ്ങളെ വിട്ടു പ്രവൃത്തിക്കു വരാതെ പോയവനെ കൂട്ടിക്കൊണ്ടു പോകുന്നതു യോഗ്യമല്ല എന്നു നിരൂപിച്ചു. അങ്ങനെ അവർ തമ്മിൽ ഉഗ്രവാദമുണ്ടായിട്ടു വേർ പിരിഞ്ഞു. ബർന്നബാസ് മർക്കൊസിനെ കൂട്ടി കപ്പൽകയറി കുപ്രൊസ് ദ്വീപിലേക്കു പോയി. പൌലൊസോ ശീലാസിനെ തിരഞ്ഞെടുത്തു സഹോദരന്മാരാൽ കർത്താവിന്റെ കൃപയിൽ ഭരമേല്പിക്കപ്പെട്ടിട്ടു യാത്ര പുറപ്പെട്ടു സുറിയാ കിലിക്യാ ദേശങ്ങളിൽ കൂടി സഞ്ചരിച്ചു സഭകളെ ഉറപ്പിച്ചു പോന്നു.*

ഒരിക്കൽ പൗലൂസ് തിരസ്കരിച്ച വ്യക്തി. പിന്നീട് ഉപയോഗമുള്ളവനായി തീർന്നു. അന്ന് മർക്കോസിനെ കൈവിടാതെ കൊണ്ടുപോയതു ബർന്നബാസ് ആയിരുന്നു. (Col 4:10)

Col 4:10 *എന്റെ സഹബദ്ധനായ അരിസ്തർഹൊസും ബർന്നബാസിന്റെ മച്ചുനനായ മർക്കൊസും അവനെക്കുറിച്ചു നിങ്ങൾക്കു കല്പന കിട്ടീട്ടുണ്ടല്ലോ; അവൻ നിങ്ങളുടെ അടുക്കൽ വന്നാൽ അവനെ കൈക്കൊൾവിൻ*

4:12 തിഹിക്കോസ് (Tychicus) പൗലൂസിനോടൊപ്പം യാത്ര ചെയ്ത വിശ്വസ്തൻ.

Acts 20:4 *ബെരോവയിലെ പുറൊസിന്റെ മകൻ സോപത്രൊസും തെസ്സലോനിക്ക്യരായ അരിസ്തർഹൊസും സെക്കുന്തൊസും ദെർബ്ബെക്കാരനായ ഗായൊസും തിമൊഥെയൊസും ആസ്യക്കാരായ തുഹിക്കൊസും ത്രൊഫിമൊസും ആസ്യവരെ അവനോടു കൂടെ പോയി*

പലയിടത്തും പൗലൂസിൽ നിന്നും സഭകൾക്കുള്ള ദൂതുമായി സഞ്ചരിച്ചവൻ. തിഹിക്കോസിനെ എഫെസൂസിലേക്ക് അയച്ചിരിക്കുന്നു. ഒരുപക്ഷേ ഇതു തിമോത്തിക്കു കൊടുത്തയച്ചതു തിഹിക്കോസിലൂടെ ആയിരിക്കാം. തിമോത്തി എഫേസൂസ് വിടുമ്പോൾ അവിടെ ശുശ്രൂഷ ചെയ്യുവാനാകും തീഹിക്കോസിനെ അയച്ചത്.

4:13 CARPUS നെപ്പറ്റി കൂടുതൽ നമുക്ക് അറിവില്ല. ഇവിടെ പറയുന്ന പുസ്തകങ്ങൾ,

fleettech@gmail.com

www.gospelinmalayalam.com

ചർമ്മലിഖിതങ്ങൾ ഇവ എന്തെല്ലാമാണെന്ന് നമുക്ക് വിവരം ഇല്ല. പൗലൂസിന്റെ Personal belongings ആയിരിക്കാം. ശൈത്യകാലം ആയതിനാൽ ആകാം പുതപ്പും കൊണ്ടുവരണമെന്ന് എഴുതിയത്.

4:14-15 Alexander the metal worker. Acts19:33-34 ൽ പറയുന്ന വ്യക്തി തന്നെയോ എന്നുറപ്പില്ല. എങ്കിലും ഒന്നു നിശ്ചയം. സുവിശേഷത്തിനു തടസ്സം നിന്ന വ്യക്തി തന്നെ.

തിമോത്തിക്ക് ഈ വ്യക്തിയെ അറിയാം. പൗലൂസ് ഈ വ്യക്തിക്കെതിരായി ഒന്നും ആഗ്രഹിക്കുന്നില്ല. എന്നാൽ സങ്കീർത്തനം 62:12 ൽ പറയുംപോലെ പ്രവൃത്തിക്കു പകരം കൊടുക്കുന്ന ദൈവം ഇടപെടട്ടെ എന്ന് എഴുതുന്നു. (Pslam 62:12), (Rom 12:19)

Pslam 62:12 *കർത്താവേ, ദയയും നിനക്കുള്ളതാകുന്നു. നീ ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നല്കുന്നു.*

Rom 12:19 *പ്രിയമുള്ളവരേ, നിങ്ങൾ തന്നേ പ്രതികാരം ചെയ്യാതെ ദൈവകോപത്തിന്നു ഇടംകൊടുപ്പിൻ; പ്രതികാരം എനിക്കുള്ളതു; ഞാൻ പകരം ചെയ്യും എന്നു കർത്താവു അരുളിച്ചെയ്യുന്നു, എന്നാൽ*

പൗലൂസ് തന്റെ പ്രിയശിഷ്യനായ തിമോത്തിക്കു മുന്നറിയപ്പു കൊടുക്കുകയാണ്. ഈ വ്യക്തിയെ സൂക്ഷിച്ച് ഒഴിഞ്ഞിരിക്ക.

4:16 ഒന്നാം തടവിനെപ്പറ്റിയല്ല. രണ്ടാം തടവിൽ ഒന്നാം hearing നെപ്പറ്റിയാണ്. അന്ന് എല്ലാവരും പൗലൂസിനെ കൈവിട്ടു. ആരും സഹായിപ്പാൻ ചെന്നില്ല. തനിക്കുവേണ്ടി വാദിക്കുവാനോ, സാക്ഷി നിൽക്കുവാനോ ആരെയും കണ്ടില്ല.

കാരണം റോമിൽ അന്നു നടന്നുകൊണ്ടിരുന്ന ക്രൂരമായ പീഡനം എല്ലാവരെയും ഭയപ്പെടുത്തി. നീറോ ചക്രവർത്തി വിശ്വാസികളെ പീഡിപ്പിപ്പാൻ കച്ച കെട്ടിയിറങ്ങിയ കാലത്തിന്റെ മൂർദ്ധന്യ സമയമായിരുന്നു അത്. AD 59-60. Acts 28:22

Acts 28:22 *എങ്കിലും ഈ മതഭേദത്തിന്നു എല്ലായിടത്തും വിരോധം പറയുന്നു എന്നു ഞങ്ങൾ അറിയുന്നതിനാൽ നിന്റെ മതം ഇന്നതു എന്നു നീ തന്നേ പറഞ്ഞുകേൾപ്പാൻ ആഗ്രഹിക്കുന്നു എന്നു പറഞ്ഞു.*

**July AD 64** റോം നഗരം തീയ്ക്ക് ഇരയായ കാലം. ഈ സംഭവത്തിനു ശേഷം ക്രിസ്ത്യാനിക്കു മഹാപീഡനം നടന്നു. അനേകായിരങ്ങൾ ദാരുണമായി കൊല ചെയ്യപ്പെട്ടു. ക്രിസ്ത്യാനികളാണ് റോം നഗരം കത്തിച്ചത് എന്ന് കളവായി പ്രചരണം നടത്തി. ക്രിസ്ത്യാനികളെ Scape goat ആക്കി. ഇതായിരുന്നു വഞ്ചന.

ഈ കാലയളവിൽ പൗലൂസിനെപ്പോലെ സുവിശേഷത്തിനു വേണ്ടി ശക്തിയോടെ സംസാരിക്കുന്ന ഒരു വ്യക്തിയുടെ കൂടെ നിൽക്കുന്നത് അപകടകരം എന്ന് എല്ലാവരും മനസ്സിലാക്കി. അതുകൊണ്ടാണ് എല്ലാവരും പൗലൂസിനെ വിട്ടു മാറിനിന്നത്.

പൗലൂസിന് ഇത് ശരിക്കും അറിയാമായിരുന്നു. അത് അവർക്കു കണക്കിടാതിരിക്കട്ടെ എന്ന് പൗലൂസ് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. Luke 23:34

Luke 23:34 *എന്നാൽ യേശു: 'പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു എന്നു അറിയായ്കകൊണ്ടു ഇവരോടു ക്ഷമിക്കേണമേ' എന്നു പറഞ്ഞു. അനന്തരം അവർ അവന്റെ വസ്ത്രം വിഭാഗിച്ചു ചീട്ടിട്ടു*

നമ്മുടെ രക്ഷകനായ കർത്താവും തന്നെ ക്രൂശിച്ചവർക്കുവേണ്ടി പിതാവിനോടു പ്രാർത്ഥിച്ചു.

4: 17-18 Paul's Deliverance by Lord

സാഹചര്യങ്ങൾ പലപ്പോഴും പ്രതികൂലം. എങ്കിലും സുവിശേഷത്തിന്റെ പ്രസംഗം പൗലൂസിനെ സംബന്ധിച്ചിടത്തോളം സകല സാഹചര്യങ്ങളെയും ജയിക്കുന്നതായിരുന്നു.

fleettech@gmail.com

www.gospelinmalayalam.com

ജീവൻ പലപ്പോഴും അപകടത്തിൽ ആയിരുന്നു.

എങ്കിലും ദൈവം കൂടെ നിന്നു. സകല ജാതികളോടും സുവിശേഷം അറിയിക്കുക എന്ന വലിയ ദൗത്യം തന്നിലൂടെ നിറവേറ്റാൻ ഇടയായി.

"സിംഹത്തിന്റെ വായിൽ നിന്നു രക്ഷപ്രാപിച്ചു" എന്ന് പൗലൂസ് ഇവിടെ കുറിച്ചത്:- ഒരുപക്ഷേ കൊലോസ്യത്തിൽ ക്രിസ്ത്യാനികളെ ജീവനോടെ സിംഹത്തിൻ മുമ്പിൽ ഇട്ടുകൊടുത്തത് പൗലൂസ് അറിഞ്ഞു കാണും. നീറോ ചക്രവർത്തിയുടെ വിനോദം-ക്രൂരവിനോദം ആയിരുന്നു ഈ പ്രവൃത്തി.

അതുപോലെ തന്നെ പൗലൂസ് പലപ്രാവശ്യം കൊല്ലപ്പെടാൻ സാധ്യതയുള്ള രംഗങ്ങളിൽ നിന്നും ദൈവത്തിന്റെ ഇടപെടലിനാൽ വിടുവിക്കപ്പെട്ടിരുന്നു. Daniel 6:22, Ps 22:21

Daniel 6:22 — *സിംഹങ്ങൾ എനിക്കു കേടുവരുത്താതിരിക്കേണ്ടതിന്നു എന്റെ ദൈവം തന്റെ ദൂതനെ അയച്ചു അവയുടെ വായടെച്ചുകളഞ്ഞു; അവന്റെ സന്നിധിയിൽ ഞാൻ കുറ്റമില്ലാത്തവൻ; രാജാവേ, തിരുമുമ്പിലും ഞാൻ ഒരു ദോഷവും ചെയ്തിട്ടില്ല എന്നു ഉണർത്തിച്ചു.*

Ps 22:21 — *സിംഹത്തിന്റെ വായിൽനിന്നു എന്നെ രക്ഷിക്കേണമേ; കാട്ടുപോത്തുകളുടെ കൊമ്പുകൾക്കിടയിൽ നീ എനിക്കു ഉത്തരമരുളുന്നു.*

4:18 — റോമൻ വിധിവരാൻ പോകുന്ന സമയം. വിധി എന്തായിരിക്കും എന്ന് പൗലൂസിന് അറിയാം. തന്നെയുമല്ല, മരിക്കാൻ താൻ സന്നദ്ധനും. എന്നാൽ മരണം ശത്രുവിന്റെ ജയം അല്ല. കർത്താവു കൊടുക്കുന്ന വിടുതലായി പൗലൂസ് കണ്ടു.

മരണത്തിലും ദൈവനാമത്തിനു മഹത്വം കൊടുക്കുന്ന സുവിശേഷ പോരാളി.

4:19-20 — PRISCA (PRISCILLA), AQUILAV = പൗലൂസ് വളരെയധികം കടപ്പെട്ടിരിക്കുന്ന ഒരു ക്രിസ്തീയ കുടുംബം. Acts 18:2,18,26, Rom 16:3, 1Cor 16:19

Acts 18:2,26 — *യെഹൂദന്മാർ എല്ലാവരും റോമനഗരം വിട്ടു പോകണം എന്നു ക്ളൌദ്യൊസ് കല്പിച്ചതുകൊണ്ടു ഇത്തല്യയിൽ നിന്നു ആ ഇടെക്കു വന്നവനായി പൊന്തൊസ്കാരൻ അക്വിലാസ് എന്നു പേരുള്ളോരു യെഹൂദനെയും അവന്റെ ഭാര്യ പ്രിസ്കില്ലയെയും കണ്ടു അവരുടെ അടുക്കൽ ചെന്നു. അവൻ പള്ളിയിൽ പ്രാഗത്ഭ്യത്തോടെ പ്രസംഗിച്ചുതുടങ്ങി; അക്വിലാസും പ്രിസ്കില്ലയും അവന്റെ പ്രസംഗം കേട്ടാറെ അവനെ ചേർത്തുകൊണ്ടു ദൈവത്തിന്റെ മാർഗ്ഗം അധികം സ്പഷ്ടമായി അവന്നു തെളിയിച്ചുകൊടുത്തു.*

Rom 16:3 — *ക്രിസ്തുയേശുവിൽ എന്റെ കൂട്ടുവേലക്കാരായ പ്രിസ്കയെയും അക്വിലാവെയും വന്ദനം ചെയ്!വിൻ.*

1Cor 16:19 — *ആസ്യയിലെ സഭകൾ നിങ്ങളെ വന്ദനം ചെയ്യുന്നു; അക്വിലാവും പ്രിസ്കയും അവരുടെ ഭവനത്തിലെ സഭയോടുകൂടെ കർത്താവിൽ നിങ്ങളെ വളരെ വന്ദനം ചെയ്യുന്നു.*

പൗലൂസിന് ആതിഥ്യം ഒരുക്കി സുവിശേഷവേലയിൽ കൂടെ നിന്നു. അപ്പലോസിന് ദൈവത്തിന്റെ മാർഗ്ഗം അധികം സ്പഷ്ടമായി തെളിയിച്ചു കൊടുത്തു. Acts 18:24-25

Acts 18:24-25 — *അലക്സാന്ത്രിയക്കാരനായി വാഗ്വൈഭവവും തിരുവെഴുത്തുകളിൽ സാമർത്ഥ്യവുമുള്ള അപ്പൊല്ലോസ് എന്നു പേരുള്ളോരു യെഹൂദൻ എഫെസോസിൽ എത്തി. അവൻ കർത്താവിന്റെ മാർഗ്ഗത്തിൽ ഉപദേശം ലഭിച്ചവൻ ആയിരുന്നു; യോഹന്നാന്റെ സ്നാനത്തെക്കുറിച്ചു മാത്രം അറിഞ്ഞിരുന്നു എങ്കിലും ആത്മാവിൽ എരിവുള്ളവനാകയാൽ അവൻ യേശുവിന്റെ വസ്തുത സൂക്ഷമമായി പ്രസ്താവിക്കയും ഉപദേശിക്കയും ചെയ്തു*

വി. പൗലൂസ് അക്വിലാവിനെയും പ്രിസ്കില്ലയെയും പറ്റി പറയുന്നത് 'അവർ ക്രിസ്തു യേശുവിൽ എന്റെ കൂട്ടു വേലക്കാർ' എന്നാണ്. Rom 16:3

Rom 16:3 — *ക്രിസ്തുയേശുവിൽ എന്റെ കൂട്ടുവേലക്കാരായ പ്രിസ്കയെയും അക്വിലാവെയും വന്ദനം ചെയ്വിൻ.*

fleettech@gmail.com

www.gospelinmalayalam.com

അവരുടെ 'ഭവനത്തിലെ സഭ' അനേകർക്ക് അഭയം നൽകി.

ഒനേസിഫൊരൊസ് (2 Tim 1:16) - പൗലോസിന് തന്റെ തടവറയിൽ പലപ്പോഴും സാന്ത്വനം അരുളിയ വ്യക്തിയാണ് ഈ ദൈവപൈതൽ.

2 Tim 1:16 *പലപ്പോഴും എന്നെ തണുപ്പിച്ചവനായ ഒനേസിഫൊരൊസിന്റെ കുടുംബത്തിന്നു കർത്താവു കരുണ നല്കുമാറാകട്ടെ.*

എരസ്തോസ് (Acts 19:22) തനിക്കു ശുശ്രൂഷ ചെയ്യുന്നവരിൽ തിമോത്തിയോടൊപ്പം നിന്ന കൂട്ടാളിയാണ് എരസ്തോസ്.

Acts 19:22 *തനിക്കു ശുശ്രൂഷ ചെയ്യുന്നവരിൽ തിമൊഥെയൊസ്, എരസ്തൊസ് എന്ന രണ്ടുപേരെ മക്കെദോന്യയിലേക്കു അയച്ചിട്ടു താൻ കുറെക്കാലം ആസ്യയിൽ താമസിച്ചു.*

ത്രോഫിമോസ് (Acts 20:4, Acts 28:29) ത്രോഫിമോസിനെ പൗലൂസിനൊപ്പം യെരുശലേമിൽ കണ്ടു എന്നു നാം വായിക്കുന്നു.

Acts 20:4 *ബെരോവയിലെ പുറൊസിന്റെ മകൻ സോപത്രൊസും തെസ്സലോനിക്ക്യരായ അരിസ്തർഹൊസും സെക്കുന്തൊസും ദെർബ്ബെക്കാരനായ ഗായൊസും തിമൊഥെയൊസും ആസ്യക്കാരായ തുഹിക്കൊസും ത്രൊഫിമൊസും ആസ്യവരെ അവനോടു കൂടെ പോയി*

Acts 28:29 *അവൻ കൂലിക്കു വാങ്ങിയ വീട്ടിൽ രണ്ടു സംവത്സരം മുഴുവൻ പാർത്തു, തന്റെ അടുക്കൽ വരുന്നവരെ ഒക്കെയും കൈക്കൊണ്ടു*

ഈ മുകളിൽ പറഞ്ഞ വ്യക്തികൾ ഒക്കെയും പൗലൂസിനൊപ്പം ശുശ്രൂഷയിൽ ചേർന്നു നിന്നു സുവിശേഷത്തിന്റെ വ്യാപനത്തിൽ പങ്കാളികളായി തീർന്നു.

പൗലൂസ് തന്നോടൊപ്പം തോളോടുതോൾ ചേർന്നു നിന്നു സഹായിച്ചവരെ ഒക്കെയും ഓർക്കയും അവർക്കെല്ലാം വന്ദനം പറയുകയും ചെയ്യുന്നു.

4:21 ശീതകാലത്തിനു മുമ്പേ വരുവാൻ ശ്രമിക്ക: പുതപ്പു കൊണ്ടുവരണം എന്നു നേരത്തെ ഓർപ്പിച്ചു. മാത്രമല്ല ശീതകാലമായാൽ കടലിൽ കൂടിയുള്ള യാത്ര പലപ്പോഴും തടസ്സമുള്ളതാകാറുണ്ട്.

ഇവിടെ പേരു പറയപ്പെട്ട യുബുലോസ്, പൂദെസ്, ലീനോസ്, ക്ലെനദിയ എന്നീ സഹോദരന്മാർ റോമിൽ ഉണ്ടായിരുന്ന വിശ്വാസികൾ ആയിരിക്കാം.

ഒന്നാം പ്രതിവാദത്തിൽ പൗലൂസിനെ എല്ലാവരും കൈവിട്ടെങ്കിലും പൗലൂസ് ആരെയും തള്ളിപ്പറഞ്ഞില്ല.

എല്ലാവരെയും പേരെടുത്ത് എഴുതുവാൻ പൗലൂസിനു സന്തോഷമേയുള്ളു.

4:22 ഇതു നമുക്കു വി. പൗലൂസിൽ നിന്നും ലഭിച്ച അവസാനത്തെ വാചകം!

യേശുക്രിസ്തു നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടും കൂടെ ഇരിക്കുമാറാകട്ടെ.

ഇന്നു ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് ആവശ്യമായിരിക്കുന്നത് യേശുക്രിസ്തുവിലൂടെ നൽകപ്പെട്ട കൃപയുടെ ധാരാളമായ ഒഴുക്ക്.

ഈ ദൈവകൃപയിൽ നിലനിൽക്കാൻ വി. പൗലൂസിന്റെ ജീവിതവും സാക്ഷ്യവും നമ്മെ ഏവരെയും യോഗ്യരാക്കട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തട്ടെ.

ദൈവനാമത്തിന് മഹിമയും സ്തോത്രവും ഉണ്ടാകട്ടെ. ആമ്മീൻ

fleettech@gmail.com